ഭരണഭാഷ മാതൃഭാഷ

നം:ICDS A7-9663/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 31.12.14

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - അങ്കണവാടികൾക്കായി സ്വകാര്യ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഭൂമി രേഖാമൂലം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :-

സ്വകാര്യ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവർ അങ്കണവാടികൾക്കായി സ്ഥലം വിട്ടുതരുമ്പോൾ ആയത് ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറത്തിൽ തയ്യാറാക്കി നൽകേണ്ടതും തുടർന്ന് ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നൽകി ഭൂമിയുടെ ഉടമസ്ഥാവകാശം സാമൂഹ്യനീതി വകുപ്പിന്റെ / പഞ്ചായത്തിന്റെ പേരിൽ ലഭ്യമാക്കേണ്ടതുമാണ്.

ആയത് പ്രകാരം നിലവിൽ സ്വന്തമായി ഭൂമിയുള്ള എല്ലാ അങ്കണവാടികളുടെയും ഭൂമിയുടെ ഉടമസ്ഥാവകാശം വകുപ്പിന്റെ/പഞ്ചായത്തിന്റെ പേരിൽ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ടി വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്ററുകൾ എല്ലാ ശിശുവികസന പദ്ധതി ഓഫീസുകളിലും സൂക്ഷിയ്ക്കേണ്ടതുമാണ്.

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാരും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ മേൽ നിർദ്ദേശം പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതും 2015 മാർച്ച് 31നകം എല്ലാ ശിശുവികസന പദ്ധതി ഓഫീസുകളിലും സ്വന്തമായി ഭൂമിയുള്ള എല്ലാ അങ്കണവാടികളുടെയും വിശദവിവരം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുകയോ 2015 മാർച്ച് 31ന് ശേഷം അങ്കണവാടി ഭൂമി തിരികെ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷയോ പരാതിയോ ലഭിക്കുകയോ സർക്കാരിനെതിരെ കോടതി മുഖേന കേസ് ഫയൽ ചെയ്യുകയോ ചെയ്താൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം മേൽ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കുമെന്നറിയിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

S 1-Jan-15